# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.819 08.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ് ലൈൻ സ്റ്റഡി സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>,, എ. എം. ആരിഫ് :<br>,, എസ്. ശർമ്മ :<br>,, കെ. വി. അബ്ദുൾ ഖാദർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ് ലൈൻ സ്റ്റഡി (കെ.എച്ച്.ഒ.ബി. എസ്) സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ; | (എ) കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇതിനെ നേരിടാൻ പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഈ രോഗങ്ങളെക്കുറിച്ചുള്ള അടിസ്ഥാന രേഖ തയ്യാറാക്കുന്നത് ലക്ഷ്യമിട്ടാണ് കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസിക് സർവ്വെ ലൻസ് (കെ.എച്ച്.ഒ.ബി.എസ്) ആവിഷ്ക്കരിച്ചത്.<br>ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ<br>(എ). നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന ജീവിത ശൈലീ രോഗങ്ങളും അത് അനുഭവിക്കുന്ന രോഗികളുടെ എണ്ണവും.<br>(ബി). പകർച്ചവ്യാധികളും, രോഗികളുടെ കണക്കും.<br>(സി). രോഗങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങൾ ഭക്ഷണശീലം, വ്യായാമം, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ.<br>(ഡി). പത്ത് ലക്ഷം ജനങ്ങളെ സർവ്വേ നടത്തുക വഴി ഈ രോഗങ്ങളുടെ ആധികാരികമായ അടിസ്ഥാന രേഖ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുക. |
| (ബി) പ്രസ്തുത സർവ്വേയുമായി ബന്ധപ്പെട്ട ലഭിച്ച വിദേശസഹായത്തിന്റെ വിവരവും, സർവ്വേയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും, ആയതിനായി ജീവനക്കാരെ നിയോഗിക്കാൻ 2013 മേയ് 18-ന് ഇറക്കിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ; | (ബി) ഈ സർവ്വേയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിനോ ജീവനക്കാർക്കോ ഒരു വിദേശ സഹായവും ഇതുവരെ ലഭിച്ചിട്ടില്ല. സർവ്വേക്കായി ഇതുവരെ ചെലവഴിച്ചത് 4.65 ലക്ഷം രൂപയാണ്. ഇത് എൻ.ആർ.എച്ച്.എം -ന്റെ ഭാഗമായുള്ള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ ഗവേഷണ ഫണ്ടിൽ നിന്നാണ് ഉപയോഗിച്ചത്. |

(....2)

| | |
|---|---|
| | എത്തിക്സ് കമ്മിറ്റി ക്ലിയറൻസിനും, ചോദ്യാവലി തയ്യാറാക്കുന്നതിനും, ജീവനക്കാർക്ക് പരിശീലനവും വേതനവും, സർവ്വർ ഡാറ്റാ സംബന്ധവുമായിട്ടാണ് ഈ തുക ചെലവഴിച്ചത്. 2013 മെയ് 18-ന് ജീവനക്കാരെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (സി) സർവ്വേയിൽ പങ്കെടുത്തവർക്ക് പോളിപിൽ എന്ന ഗുളിക വിതരണം ചെയ്തിരുന്നോ ; വിശദമാക്കാമോ ; | (സി) ഇല്ല. |
| (ഡി) പ്രസ്തുത സർവ്വേ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ ; അതിന്റെ കാരണമെന്തായിരുന്നു ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിരുന്നോ ; റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) ഈ പദ്ധതിക്ക് ആവശ്യമായ അംഗീകാരം ഇല്ലാത്തതു കൊണ്ടും, കേന്ദ്ര സർക്കാരിൽ നിന്നുമുള്ള അനുമതി ഇനിയും ലഭ്യമല്ലാത്തതിനാലും, ഈ പദ്ധതിയെക്കുറിച്ച് ആക്ഷേപമുയർന്ന പശ്ചാത്തലത്തിലും, പദ്ധതി നിർത്തി വെച്ചു. ഈ പദ്ധതിയുമായി മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

No: MC4/20880/13/DHS.

Directorate of Health Services,
Thiruvananthapuram,
Dated : 18/05/2013

From

The Director of Health Services.

To

The District Medical Officer of (Health),
Thiruvananthapuram/Kollam/Alappuzha/Pathanamthitta/
Kottayam/Idukki/Ernakulam/Thrissur/Palakkad/
Malappuram/Kozhikode/Wayanad/Kannur/Kasaragod.

Sir,

Sub:– HSD- KHOBS-Pilot study - Deputation of staff – Reg:–

Ref:- Note from Dr. Bipin Gopal, Dated: 16.05.13

It has been decided to start KHOBS (Kerala Health Observatory and Basic Surveillance Programme) pilot study from 20th May onwards in on urban and one rural area in all districts. The field staff who have undergone training may be deputed for the study as per the schedule attached.

Hence you are directed to depute the staff (as per the schedule) for above purpose.

Yours faithfully,

For Director of Health Services.

Section Officer